**മധുരമായ കുട്ടികളേ– നിങ്ങൾക്ക് ഇപ്പോൾ വളരെ വളരെ സാധാരണമായിരിക്കണം, ഫാഷനബിളായ വിലകൂടിയ വസ്ത്രം ധരിക്കുന്നതിലൂടെയും ദേഹാഭിമാനം വരും.**

**ചോദ്യം –** ഭാഗ്യത്തിൽ ഉയർന്ന പദവി ഇല്ലെങ്കിൽ ഏതൊരു കാര്യത്തിലാണ് കുട്ടികൾ അലസരാവുന്നത്?
**ഉത്തരം –** ബാബ പറയുന്നു കുട്ടികളേ തന്റെ ഉന്നതിയ്ക്കായി ചാർട്ട് വെയ്ക്കൂ. ഓർമ്മയുടെ ചാർട്ട് വെയ്ക്കുന്നതിലൂടെ വളരെ അധികം ഗുണമുണ്ട്. നോട്ടുബുക്ക് സദാ കൈയ്യിൽ വെയ്ക്കണം. പരിശോധിക്കണം ഞാൻ എത്ര സമയം ബാബയെ ഓർമ്മിച്ചു? എന്റെ രജിസ്റ്റർ എങ്ങനെയുള്ളതാണ്? ദൈവീക സ്വഭാവമാണോ? കർമ്മം ചെയ്തുകൊണ്ടും ബാബയുടെ ഓർമ്മയുണ്ടോ? ഓർമ്മയിലൂടെയേ കറ ഇളകൂ, ഭാഗ്യം ഉയർന്നതായി മാറൂ.

**ഗീതം –** ഭോലാനാഥനേക്കാൾ വിചിത്രനായി.............

**ഓം ശാന്തി**. മധുര മധുരമായ കുട്ടികളുടെ പക്കൽ വീട്ടിൽ ഈ ലക്ഷ്മീ നാരായണന്റെ ചിത്രം തീർച്ചയായും ഉണ്ടാകണം. ഇവരെ(ലക്ഷ്മീ നാരായണനെ) കാണുമ്പോൾ വളരെ അധികം സന്തോഷം ഉണ്ടാകണം എന്തെന്നാൽ നിങ്ങളുടെ പഠിപ്പിന്റെ പ്രധാനലക്ഷ്യം ഇതാണ്. നിങ്ങൾക്ക് അറിയാം നമ്മൾ വിദ്യാർത്ഥികളാണ് ഭഗവാനാണ് നമ്മെ പഠിപ്പിക്കുന്നത്. ഈശ്വരന്റെ സ്റ്റൂഡന്റ്സ് അഥവാ വിദ്യാർത്ഥികളാണ്, നമ്മൾ ഇതാണ് പഠിക്കുന്നത്. എല്ലാവർക്കും ഈ ഒരു ഉദ്ദേശ്യമാണുള്ളത്. ഇവരെക്കണ്ട് വളരെ അധികം സന്തോഷിക്കണം. ഗീതവും കുട്ടികൾ കേട്ടുവല്ലോ. വളരെ നിഷ്കളങ്കനാണ്. ചിലരാണെങ്കിൽ ശങ്കരനെ ഭോലാനാഥനെന്ന് കരുതുന്നു പിന്നീട് ശിവനേയും ശങ്കരനേയും ഒന്നാക്കുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ശിവൻ ഉയർന്നതിലും ഉയർന്ന ഭഗവാനാണ് എന്നാൽ ശങ്കരൻ ദേവതയാണ് പിന്നെ എങ്ങനെ രണ്ടുപേരെയും ഒന്നാക്കാൻ സാധിക്കും. ഭക്തരുടെ രക്ഷ ചെയ്യുന്നവനേ എന്ന് വിളിക്കുന്നതും ഗീതത്തിൽ കേട്ടു എങ്കിൽ തീർച്ചയായും ഭക്തർ എന്തോ ആപത്തിലാണ്. എല്ലാവരുടേയും മേൽ 5 വികാരങ്ങളാകുന്ന ആപത്തുണ്ട്. എല്ലാവരും ഭക്തരാണ്. ആരെയും ജ്ഞാനി എന്ന് പറയാൻ കഴിയില്ല. ജ്ഞാനവും ഭക്തിയും വേറെ വേറെ വസ്തുക്കളാണ്. എങ്ങനെയാണോ ശിവനും ശങ്കരനും വേറെ വേറെ അതുപോലെയാണ്. എപ്പോൾ ജ്ഞാനം ലഭിക്കുന്നുവോ അപ്പോൾ ഭക്തിയുണ്ടാവുകയില്ല. നിങ്ങൾ സുഖധാമത്തിന്റെ അധികാരിയാവുന്നു. അരകല്പത്തിലേയ്ക്ക് സദ്ഗതി ലഭിക്കുന്നു. ഒരു സൂചനയിലൂടെ തന്നെ നിങ്ങൾ അരകല്പത്തിലേയ്ക്കുള്ള സമ്പത്ത് നേടുന്നു. നോക്കൂ ഭക്തരുടെ മേൽ എത്ര ബുദ്ധിമുട്ടുകളാണ്. ജ്ഞാനത്തിലൂടെ നിങ്ങൾ ദേവതയായി മാറുന്നു പിന്നീട് എപ്പോൾ ഭക്തരുടെ കൂട്ടം ഉണ്ടാകുന്നുവോ അതായത് ദുഃഖം ഉണ്ടാകുന്നുവോ അപ്പോൾ ബാബ വരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഡ്രാമ അനുസരിച്ച് എന്തെല്ലാം കഴിഞ്ഞുപോയോ അതെല്ലാം ആവർത്തിക്കും. പിന്നീട് ഭക്തി ആരംഭിക്കുമ്പോൾ വാമമാർഗ്ഗം ആരംഭിക്കുന്നു അതായത് പതിതമാകുന്നതിനുള്ള മാർഗ്ഗം ആരംഭിക്കുന്നു. അതിലും നമ്പർവൺ കാമമാണ്, അതിനാലാണ് പറയുന്നത് കാമത്തെ ജയിച്ചാൽ നിങ്ങൾ ജഗദ്ജീത്തായി മാറും. അവർ എന്തെങ്കിലും വിജയം നേടുന്നുണ്ടോ. രാവണരാജ്യത്തിൽ വികാരമില്ലാതെ ആരുടേയും ശരീരം ഉണ്ടാകുന്നില്ല, സത്യയുഗത്തിൽ രാവണരാജ്യം ഉണ്ടാകില്ല. അഥവാ അവിടെയും രാവണൻ ഉണ്ടെങ്കിൽ പിന്നെ ഭഗവാൻ രാമരാജ്യം സ്ഥാപിച്ച് എന്ത് ചെയ്തു? അച്ഛന് എത്ര ചിന്തയുണ്ടാകുന്നു. എന്റെ കുട്ടികൾ സുഖമായിരിക്കണം. ധനം സമ്പാദിച്ച് കുട്ടികൾക്ക് നൽകുന്നു അവർ സുഖമായിരിക്കുന്നതിനുവേണ്ടി. പക്ഷേ ഇവിടെ അങ്ങിനെ നടക്കില്ല. ഇത് ദുഃഖത്തിന്റെ ലോകമാണ്. പരിധിയില്ലാത്ത അച്ഛൻ പറയുന്നു നിങ്ങൾ അവിടെ ജന്മ ജന്മാന്തരങ്ങളായി സുഖം അനുഭവിക്കും. അളവില്ലാത്ത ധനം ലഭിക്കും, 21 ജന്മങ്ങളിലേയ്ക്ക് അവിടെ ഒരു ദുഃഖവും ഉണ്ടാകില്ല. പാപ്പരാവില്ല. ഈ കാര്യങ്ങൾ ബുദ്ധികൊണ്ട് മനസ്സിലാക്കി ഉള്ളിന്റെയുള്ളിൽ വളരെ സന്തോഷത്തോടെ ഇരിക്കണം. നിങ്ങളുടെ ജ്ഞാനവും യോഗവും എല്ലാം ഗുപ്തമാണ്. സ്ഥൂലത്തിലുള്ള ആയുധങ്ങൾ ഒന്നുമില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഇത് ജ്ഞാനത്തിന്റെ വാളാണ്. അവർ പിന്നീട് സ്ഥൂലത്തിലുള്ള ആയുധങ്ങൾ അടയാളമായി ദേവിമാർക്ക് നൽകി. ശാസ്ത്രങ്ങൾ പഠിപ്പിക്കുന്ന ആരും ഇത് ജ്ഞാനത്തിന്റെ വാളാണ്, ഇത് ജ്ഞാനത്തിന്റെ ഗദയാണ് എന്ന് പറയുകയില്ല. ഇത് പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. അവർ കരുതുന്നു ശക്തിസേന വിജയം നേടി എങ്കിൽ തീർച്ചയായും എന്തെങ്കിലും ആയുധം ഉണ്ടായിരിക്കും. ബാബ വന്ന് ഈ മുഴുവൻ തെറ്റുകളും പറഞ്ഞുതരുന്നു. നിങ്ങളുടെ ഈ കാര്യം അനേകം മനുഷ്യർ കേൾക്കും. വിദ്വാന്മാരും ഒരു ദിവസം വരും. പരിധിയില്ലാത്ത അച്ഛനല്ലേ. നിങ്ങൾ കുട്ടികളുടെ മംഗളം ശ്രീമതത്തിലൂടെ നടക്കുന്നതിലാണ്, അപ്പോഴേ ദേഹാഭിമാനം മുറിയൂ, അതിനാലാണ് ധനവാന്മാർ വരാത്തത്. ബാബ പറയുന്നു ദേഹ– അഹങ്കാരത്തെ ഉപേക്ഷി

ക്കൂ. നല്ല വസ്ത്രം ധരിക്കണം എന്ന ലഹരി ഉണ്ടാവാറുണ്ട്. നിങ്ങൾ ഇപ്പോൾ വനവാസത്തിലാണ്. ഇപ്പോൾ ഭർത്തൃപിതാവിന്റെ വീട്ടിലേയ്ക്ക് പോവുകയാണ്. അവിടെ നിങ്ങളെ വളരെ അധികം ആഭരണങ്ങൾ അണിയിക്കും. ഇവിടെ വിലകൂടിയ വസ്ത്രം അണിയേണ്ടതില്ല. ബാബ പറയുന്നു വളരെ സാധാരണമായിരിക്കൂ. എങ്ങനെയുള്ള കർമ്മമാണോ ഞാൻ ചെയ്യുന്നത് അതുപോലെ കുട്ടികളും സാധാരണമായിരിക്കണം. ഇല്ലെങ്കിൽ ദേഹാഭിമാനം വരും. അതെല്ലാം വളരെ നഷ്ടം വരുത്തിവെയ്ക്കും. നിങ്ങൾക്ക് അറിയാം നമ്മൾ ഭർത്തൃപിതാവിന്റെ വീട്ടിലേയ്ക്ക് പോവുകയാണ്. അവിടെ നമുക്ക് വളരെ അധികം ആഭരണങ്ങൾ ലഭിക്കും. ഇവിടെ നിങ്ങൾക്ക് ആഭരണമൊന്നും അണിയേണ്ടതില്ല. ഇന്നുകാലത്ത് എത്ര മോഷണമാണ് നടക്കുന്നത്. വഴിയിൽവച്ചുതന്നെ കൊള്ളക്കാർ തട്ടിയെടുക്കുന്നു. ദിനംപ്രതി ദിനം ഈ ബഹളങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കും അതിനാൽ ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ദേഹാഭിമാനത്തിലേയ്ക്ക് വരുന്നതിനാൽ ബാബയെ മറന്നുപോകുന്നു. ഈ പരിശ്രമം ഇപ്പോഴാണ് ഉണ്ടാകുന്നത്. പിന്നീട് ഒരിയ്ക്കലും ഭക്തിമാർഗ്ഗത്തിൽ ഈ പരിശ്രമം ചെയ്യേണ്ടിവരില്ല.

ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. നിങ്ങൾക്ക് അറിയാം ബാബ വരുന്നതുതന്നെ പുരുഷോത്തമ സംഗമയുഗത്തിലാണ്. യുദ്ധവും തീർച്ചയായും ഉണ്ടാകും. ആറ്റോമിക് ബോംബുകളും ഒരുപാട് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇതൊന്ന് നിർത്തലാക്കണം എന്ന് കരുതി എത്രതന്നെ ശ്രമിച്ചാലും ഇതിനെ തടയാൻ കഴിയില്ല. ഡ്രാമയിൽ ഉള്ളതാണ്. മനസ്സിലാക്കിക്കൊടുത്താലും മനസ്സിലാക്കില്ല. മരണം ഉണ്ടാകണം പിന്നെങ്ങനെ തടയാൻ കഴിയും. മനസ്സിലാക്കിയാലും നിർത്തില്ല. ഡ്രാമയിൽ നിശ്ചിതമാണ്. യാദവരും കൗരവരും നശിക്കുകതന്നെ വേണം. യാദവർ യൂറോപ്പുവാസികളാണ്. അവർക്കാണ് സയൻസിന്റെ അഹങ്കാരമുള്ളത്, അതിലൂടെയാണ് വിനാശമുണ്ടാകുന്നത്. പിന്നീട് സൈലൻസിന്റെ വിജയം ഉണ്ടാകും. നിങ്ങളെ ശാന്തസ്വരൂപമായി ഇരിക്കാൻ പഠിപ്പിക്കുന്നു. ബാബയെ ഓർമ്മിക്കൂ– പരിപൂർണ്ണ സൈലൻസ്. ഞാൻ ആത്മാവ് ശരീരത്തിൽ നിന്നും വേറിട്ടതാണ്. ശരീരം ഉപേക്ഷിക്കാനായി നമ്മൾ എങ്ങനെ പുരുഷാർത്ഥം ചെയ്യുന്നുവോ അതുപോലെ ശരീരം ഉപേക്ഷിക്കാനായി ആരെങ്കിലും പുരുഷാർത്ഥം ചെയ്യുമോ? മുഴുവൻ ലോകത്തിലും പോയി തിരഞ്ഞോളൂ– ആരെങ്കിലും ഇങ്ങനെ പറയുമോ– ഹേയ് ആത്മാവേ ഇപ്പോൾ നിനക്ക് ശരീരം ഉപേക്ഷിച്ച് പോകണം. അതിനാൽ പവിത്രമായി മാറൂ ഇല്ലെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടതായി വരും. ശിക്ഷകൾ അനുഭവിക്കുന്നത് ആരാണ്? ആത്മാവ്. ആ സമയത്ത് സാക്ഷാത്ക്കാരം ഉണ്ടാകും. നിങ്ങൾ ഇന്ന ഇന്ന പാപങ്ങൾ ചെയ്തു ഇപ്പോൾ ശിക്ഷ അനുഭവിക്കൂ. ആ സമയത്ത് അനുഭവമാകും. ഇതുപോലെ ജന്മ ജന്മാന്തരങ്ങളിലേയ്ക്കുള്ള ശിക്ഷ ലഭിക്കുന്നു. ഇത്രയും ദുഃഖം അനുഭവിക്കുന്നു പിന്നെ സുഖം ബാക്കി എന്തുണ്ട്. ബാബ പറയുന്നു– ഇപ്പോൾ ഒരു പാപകർമ്മവും ചെയ്യരുത്. തന്റെ രജിസ്റ്റർ വെയ്ക്കൂ. എല്ലാ സ്ക്കൂളിലും സ്വഭാവത്തിന്റെ രജിസ്റ്റർ വെയ്ക്കുമല്ലോ. വിദ്യാഭ്യാസമന്ത്രിയും പറയും ഭാരതത്തിന്റെ സ്വഭാവം ശരിയല്ല. പറയൂ ഞങ്ങൾ ഈ ലക്ഷ്മീ നാരായണന്മാരെപ്പോലെയുള്ള സ്വഭാവം ഉണ്ടാക്കുകയാണ്. ഈ ലക്ഷ്മീ നാരായണന്റെ ചിത്രം സദാ കൂടെയുണ്ടാകണം. ഇതാണ് പ്രധാന ലക്ഷ്യം. നമ്മൾ ഇങ്ങനെയായി മാറും. നമ്മൾ ശ്രീമതത്തിലൂടെ ഈ ആദിസനാതന ദേവീ ദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഇവിടെ പെരുമാറ്റത്തെ നേരെയാക്കണം. ഇവിടെ നിങ്ങളുടെ കച്ചേരിയും ഉണ്ടാകുന്നു. എല്ലാ സെന്ററിലും കുട്ടികളുടെ കച്ചേരിയുണ്ടാവണം. ദിവസവും പറയൂ ചാർട്ട് വെയ്ക്കൂ എങ്കിൽ നേരെയാവും. ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് അവർ അലസരായിരിക്കും. ചാർട്ട് വെയ്ക്കുന്നത് വളരെ നല്ലതാണ്.

നിങ്ങൾക്ക് അറിയാം നമ്മൾ ഈ 84 ജന്മങ്ങളുടെ ചക്രത്തെ അറിയുന്നതിലൂടെയാണ് ചക്രവർത്തീ രാജാവായി മാറുന്നത്. എത്ര സഹജമാണ് മാത്രമല്ല പവിത്രമായും മാറണം. ഓർമ്മയുടെ യാത്രയുടെ ചാർട്ട് വെയ്ക്കൂ, ഇതിൽ നിങ്ങൾക്ക് വളരെ അധികം പ്രയോജനമുണ്ട്. നോട്ടുബുക്ക് എടുക്കുന്നില്ലെങ്കിൽ മനസ്സിലാക്കിക്കോളൂ– ബാബയെ ഓർമ്മിക്കുന്നില്ല. നോട്ടുബുക്ക് സദാ കൈയ്യിൽ വെയ്ക്കൂ. തന്റെ ചാർട്ട് വെയ്ക്കൂ– എത്ര സമയം ബാബയെ ഓർമ്മിച്ചു. ഓർമ്മിക്കാതെ കറ ഇളകില്ല. കറ പോകുന്നതിനായി സാധനങ്ങൾ മണ്ണെണ്ണയിലിടാറില്ലേ. കർമ്മം ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കണം എങ്കിൽ പുരുഷാർത്ഥത്തിന്റെ ഫലം ലഭിക്കും. പരിശ്രമമല്ലേ. വെറുതേ ആരെങ്കിലും തലയിൽ കിരീടം വെച്ചുതരുമോ. ബാബ ഇത്രയും വലിയ പദവി നൽകുന്നു എങ്കിൽ കുറച്ച് പരിശ്രമവും ഉണ്ടാകുമല്ലോ. ഇതിൽ കൈയ്യും കാലും ചലിപ്പിക്കേണ്ട ആവശ്യമില്ല. പഠിപ്പ് വളരെ സഹജമാണ്. ബുദ്ധിയിലുണ്ട് ശിവബാബയിലൂടെ നമ്മൾ ഇതായി മാറുകയാണ്. എവിടേയ്ക്ക് പോവുകയാണെങ്കിലും ബാഡ്ജ് ധരിക്കണം. പറയൂ, വാസ്തവത്തിൽ അടയാളചിഹ്നം ഇതാണ്. മനസ്സിലാക്കിക്കൊടുക്കുന്നതിൽ വളരെ അധികം രാജകീയത ഉണ്ടാവണം. വളരെ മധുരമായി മനസ്സിലാക്കിക്കൊടുക്കണം. അടയാളചിഹ്നത്തെക്കുറിച്ചും മനസ്സിലാക്കിക്കൊടുക്കണം. പ്രീത ബുദ്ധിയെന്നും വിപരീത ബുദ്ധിയെന്നും എന്തിനെയാണ് പറയുന്നത്? നിങ്ങൾക്ക് ബാബയെ അറിയാമോ?

ലൗകിക പിതാവിനെ ഗോഡ് എന്ന് പറയില്ല. ആ പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് പതിത പാവനൻ, സുഖ സാഗരൻ. ആ ആളിൽ നിന്നു തന്നെയാണ് അളവില്ലാത്ത സുഖം ലഭിക്കുന്നത്. അജ്ഞാനകാലത്തിൽ മാതാപിതാക്കളാണ് സുഖം നൽകുന്നത് എന്ന് കരുതുന്നു. ഭർത്തൃപിതാവിന്റെ വീട്ടിലേയ്ക്ക് അയയ്ക്കുന്നു. ഇപ്പോൾ ഇത് നിങ്ങളുടെ ഭർത്തൃപിതാവിന്റെ പരിധിയില്ലാത്ത ഗൃഹമാണ്. അത് പരിധിയുള്ളതാണ്. ആ മാതാപിതാക്കൾ അഞ്ചാറ് ലക്ഷമോ കോടിയോ തരും. നിങ്ങൾക്കാണെങ്കിൽ ബാബ പേരുവെച്ചിരിക്കുന്നത് കോടാനുകോടി സമ്പാദ്യമുണ്ടാക്കുന്ന കുട്ടികൾ എന്നാണ്. അവിടെ പൈസയുടെ കാര്യമേയില്ല. എല്ലാം ലഭിക്കും. വലിയ നല്ല നല്ല കൊട്ടാരങ്ങളുണ്ടാകും. ജന്മ ജന്മാന്തരങ്ങളിലേയ്ക്കായി നിങ്ങൾക്ക് കൊട്ടാരം ലഭിക്കും. സുദാമാവിന്റെ ഉദാഹരണമുണ്ടല്ലോ. ഒരു പിടി അവിൽ എന്ന് കേട്ടിട്ടുണ്ട് അതിനാൽ ഇവിടേയ്ക്ക് അതും കൊണ്ടുവരുന്നു. ഇപ്പോൾ ഉണങ്ങിയ അവിൽ കഴിക്കുമോ. അതിനാൽ അതിനോടൊപ്പം കുറച്ച് മസാലകളും കൊണ്ടുവരുന്നു. എത്ര സ്നേഹത്തോടെയാണ് കൊണ്ടുവരുന്നത്. ബാബ നമുക്ക് ജന്മ ജന്മാന്തരങ്ങളിലേയ്ക്ക് നൽകും അതിനാലാണ് ദാതാവ് എന്ന് പറയുന്നത്. ഭക്തിമാർഗ്ഗത്തിൽ ഈശ്വരാർത്ഥം നൽകുമ്പോൾ അല്പകാലത്തിലേയ്ക്കായി അത് അടുത്ത ജന്മത്തിൽ ലഭിക്കും. ഏതെങ്കിലും പാവങ്ങൾക്ക് നൽകുകയാണ്, കോളേജ് തുറക്കുകയാണ് എങ്കിൽ അടുത്ത ജന്മത്തിൽ പഠിപ്പ് ദാനം ലഭിക്കുന്നു. ധർമ്മശാല നിർമ്മിക്കുകയാണെങ്കിൽ കെട്ടിടം ലഭിക്കുന്നു എന്തുകൊണ്ടെന്നാൽ ധർമ്മശാലയിൽ ഒരുപാട് പേർ വന്ന് സുഖം നേടുന്നു. ഇത് ജന്മ ജന്മാന്തരങ്ങളിലേയ്ക്കുള്ള കാര്യമാണ്. നിങ്ങൾക്ക് അറിയാം- ശിവബാബയ്ക്ക് എന്ത് നൽകുന്നുവോ അത് നമ്മുടെതന്നെ കാര്യത്തിനാണ് ഉപയോഗിക്കുന്നത്. ശിവബാബ തന്റെ കൈയ്യിൽ വെയ്ക്കുന്നില്ല. ഇദ്ദേഹത്തോടും പറഞ്ഞു എല്ലാം നൽകൂ എങ്കിൽ വിശ്വത്തിന്റെ അധികാരിയായി മാറാം. വിനാശത്തിന്റെ സാക്ഷാത്ക്കാരവും ചെയ്യിച്ചു, രാജധാനിയുടെ സാക്ഷാത്ക്കാരവും ചെയ്യിച്ചു. പെട്ടെന്ന് ലഹരി കയറി. ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ഗീതയിലും അർജ്ജുനന് സാക്ഷാത്ക്കാരം നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ ഇതായി മാറും. വിനാശത്തിന്റേയും സ്ഥാപനയുടേയും സാക്ഷാത്ക്കാരം ചെയ്യിച്ചു. അതിനാൽ ഇദ്ദേഹത്തിനും ആരംഭത്തിൽ തന്നെ സന്തോഷത്തിന്റെ ലഹരിയും വർദ്ധിച്ചു. ഡ്രാമയിൽ ഈ പാർട്ടുണ്ടായിരുന്നു. ഭഗീരഥനേയും ആരും അറിയുന്നില്ല. അതിനാൽ നിങ്ങൾ കുട്ടികൾ ഈ ലക്ഷ്യത്തെ ബുദ്ധിയിൽ വെയ്ക്കണം. നമ്മൾ ഇതായി മാറുന്നു. എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഫോളോ ഫാദർ എന്ന് പാടാറുണ്ട്. ഈ സമയത്തെ കാര്യമാണ്. പരിധിയില്ലാത്ത അച്ഛൻ പറയുന്നു ഞാൻ എന്ത് നിർദേശമാണോ നൽകുന്നത് അത് അനുസരിച്ച് നടക്കൂ. ഇദ്ദേഹം എന്താണ് ചെയ്തത് എന്നതും പറഞ്ഞുതരുന്നു. ബാബയെ കച്ചവടക്കാരൻ, രത്നാകരൻ, മാന്ത്രികൻ എന്നെല്ലാം പറയാറുണ്ടല്ലോ. ബാബ പെട്ടെന്നാണ് എല്ലാം ഉപേക്ഷിച്ചത്. മുമ്പ് ആ രത്നങ്ങളുടെ വ്യാപാരമായിരുന്നു, ഇപ്പോൾ അവിനാശിയായ ജ്ഞാനരത്നങ്ങളുടെ വ്യാപാരിയായി മാറി. നരകത്തെ സ്വർഗ്ഗമാക്കി മാറ്റുക എന്നത് എത്ര വലിയ ഇന്ദ്രജാലമാണ്. പിന്നെ കച്ചവടക്കാരനുമാണ്. കുട്ടികളുമായി എത്ര നല്ല കച്ചവടമാണ് ചെയ്യുന്നത്. കല്ലുനിറഞ്ഞ ഒരുപിടി അവിൽ എടുത്തിട്ട് പകരം കൊട്ടാരം നൽകുന്നു. എത്ര നല്ല സമ്പാദ്യം ചെയ്യിക്കുന്നയാളാണ്. ആഭരണങ്ങളുടെ വ്യാപാരത്തിലും ഇങ്ങനെ സംഭവിക്കുന്നു. ഏതെങ്കിലും അമേരിക്കക്കാരൻ സാധനം വാങ്ങാൻ വന്നാൽ 100 ന്റെ സാധനം 500 രൂപയ്ക്കും എടുക്കും. അവരിൽ നിന്നും ഒരുപാട് പണം വാങ്ങിക്കും. നിങ്ങളുടെ പക്കലുള്ള ഏറ്റവും പഴയ വസ്തു പ്രാചീന യോഗമാണ്.

നിങ്ങൾക്ക് ഇപ്പോൾ ഭോലാനാഥനായ അച്ഛനെ ലഭിച്ചു. എത്ര നിഷ്കളങ്കനാണ്. നിങ്ങളെ എന്താക്കി മാറ്റുന്നു. കല്ലിനും മണ്ണിനും പകരം നിങ്ങളെ 21 ജന്മങ്ങളിലേയ്ക്ക് എന്താക്കി മാറ്റുന്നു. മനുഷ്യർക്ക് ഒന്നും അറിയില്ല. ചിലപ്പോൾ പറയും ഭോലാനാഥൻ നൽകിയതാണ്, ചിലപ്പോൾ പറയും അംബയാണ് നൽകിയത്, ഗുരുവാണ് നൽകിയത്. ഇവിടെയാണെങ്കിൽ പഠിപ്പാണ്. നിങ്ങൾ ഈശ്വരീയ പാഠശാലയിലാണ് ഇരിക്കുന്നത്. ഈശ്വരീയ പാഠശാല എന്ന് പറയുന്നത് ഗീതയെയാണ്. ഗീതയിലുള്ളത് ഭഗവാൻ ഉച്ചരിച്ചതാണ്. പക്ഷേ ഭഗവാൻ എന്ന് ആരെയാണ് പറയുന്നത് ഇതുപോലും ആർക്കും അറിയില്ല. ആരോട് വേണമെങ്കിലും ചോദിക്കൂ- പരമപിതാ പരമാത്മാവിനെ അറിയാമോ? ബാബ തോട്ടക്കാരനുമാണ്. നിങ്ങളെ മുള്ളുകളിൽ നിന്നും പൂക്കളാക്കി മാറ്റുന്നു. അതിനെ അള്ളാഹുവിന്റെ പൂന്തോട്ടം എന്നാണ് പറയുന്നത്. യൂറോപ്പുകാരും പാരഡൈസ്(സ്വർഗ്ഗം) എന്ന് പറയാറുണ്ട്. തീർച്ചയായും ഭാരതം പരിസ്ഥാനായിരുന്നു എന്നാൽ ഇപ്പോൾ ശവപ്പറമ്പാണ്. ഇപ്പോൾ വീണ്ടും നിങ്ങൾ പരിസ്ഥാന്റെ അധികാരികളായി മാറുകയാണ്. ബാബ വന്ന് ഉറങ്ങിയവരെ ഉണർത്തുന്നു. ഇതും നിങ്ങൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് അറിയുന്നത്. ആരാണോ സ്വയം ഉണർന്നത് അവർ മറ്റുള്ളവരേയും ഉണർത്തും. അഥവാ ഉണർത്തുന്നില്ലെങ്കിൽ സ്വയം ഉണർന്നിട്ടില്ല എന്നതാണർത്ഥം. അതിനാൽ ബാബ പറയുന്നു ഈ ഗീതങ്ങളുടേയും പാർട്ട് ഡ്രാമയിലുണ്ട്. ചില ഗീതങ്ങൾ വളരെ നല്ലതാണ്. എപ്പോൾ നിങ്ങൾ ഉദാസീനരാകുന്നുവോ അപ്പോൾ ഈ ഗീതം കേൾക്കൂ നിങ്ങൾക്ക് സന്തോഷമുണ്ടാകും. രാത്രിയിലെ യാത്രക്കാരാ ക്ഷീണിക്കരുത്- ഇതും നല്ല

താണ്. ഇപ്പോൾ രാത്രി പൂർത്തിയാവുകയാണ്. മനുഷ്യർ കരുതുന്നു എത്ര കൂടുതൽ ഭക്തിചെയ്യുന്നുവോ അത്രയും പെട്ടെന്ന് ഭഗവാനെ ലഭിക്കും. ഹനുമാൻ മുതലായവരുടെ സാക്ഷാത്ക്കാരം ഉണ്ടായാൽ ഭഗവാനെ ലഭിച്ചു എന്ന് കരുതുന്നു. ബാബ പറയുന്നു ഈ സാക്ഷാത്ക്കാരങ്ങളെല്ലാം ഡ്രാമയിൽ ഉള്ളതാണ്. എന്ത് ഭാവനവെയ്ക്കുന്നോ അതിന്റെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ബാക്കി ഇങ്ങനെയൊന്നും സംഭവിക്കുന്നില്ല. ബാബ പറയുന്നു ഈ ബാഡ്ജ് എപ്പോഴും എല്ലാവരുടെ പക്കലും ഉണ്ടാവണം. വ്യത്യസ്ത രീതിയിലുള്ളത് ഉണ്ടാക്കുന്നു. ഇത് മനസ്സിലാക്കിക്കൊടുക്കുന്നതിന് വളരെ നല്ലതാണ്.

നിങ്ങൾ ആത്മീയ മിലിറ്ററിയല്ലേ. മിലിറ്ററിയ്ക്ക് എപ്പോഴും അടയാളം ഉണ്ടാകും. നിങ്ങൾ കുട്ടികൾക്കും ഇതുണ്ടെങ്കിൽ ലഹരിയുണ്ടാകും- നമ്മൾ ഇതാവുകയാണ്. നമ്മൾ വിദ്യാർത്ഥികളാണ്. ബാബ നമ്മെ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുകയാണ്. മനുഷ്യർ ദേവതയുടെ പൂജ ചെയ്യുന്നു. ദേവതകൾ ദേവതകളുടെ പൂജ ചെയ്യില്ല. ഇവിടെ മനുഷ്യർ ദേവതയുടെ പൂജ ചെയ്യുന്നു എന്തുകൊണ്ടെന്നാൽ അവർ ശ്രേഷ്ഠരാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) ബുദ്ധിയിൽ സദാ തന്റെ പ്രധാനലക്ഷ്യം ഓർമ്മ വെയ്ക്കണം. ലക്ഷ്മീ നാരായണന്റെ ചിത്രം സദാ കൂടെയുണ്ടാവണം, നാം ഇങ്ങനെയായി മാറുന്നതിനായി പഠിച്ചുകൊണ്ടിരിക്കുകയാണ്, ഇപ്പോൾ നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ് എന്ന സന്തോഷത്തിൽ കഴിയണം.

2) തന്റെ പഴയ കല്ലുനിറഞ്ഞ ഒരുപിടി അവിൽ നൽകി കൊട്ടാരം നേടണം. ബ്രഹ്മാബാബയെ ഫോളോ ചെയ്ത് അവിനാശിയായ ജ്ഞാനരത്നത്തിന്റെ വ്യാപാരിയായി മാറണം.

## വരദാനം- നിശ്ചയത്തിന്റെ ആധാരത്തിൽ വിജയീരത്നമായി സർവരെയും പ്രതി മാസ്റ്റർ ആശ്രയദാതാവായി ഭവിക്കട്ടെ

നിശ്ചയബുദ്ധികളായ കുട്ടികൾ വിജയികളാകുന്ന കാരണത്താൽ സദാ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു. അവർ തന്റെ വിജയത്തെ വർണിക്കുന്നില്ല എന്നാൽ വിജയിയാകുന്നതിനാൽ അവർ മറ്റുള്ളവരുടെയും ധൈര്യം വർധിപ്പിക്കുന്നു. ആരെയും താഴ്ത്തികാണിക്കാൻ ശ്രമിക്കുന്നില്ല. എന്നാൽ ബാപ്സമാനം മാസ്റ്റർആശ്രയദാതാവാകുന്നു. അതായത് താഴെ നിന്നും മുകളിലേക്കുയർത്തുന്നു. വ്യർഥത്തിൽ നിന്നു സദാ ദൂരെയിരിക്കുന്നു. വ്യർഥത്തിൽ നിന്ന് അകന്നു മാറുക തന്നെയാണ് വിജയിയാകുക. ഇങ്ങനെയുള്ള വിജയികുട്ടികൾ സർവർക്കും മാസ്റ്റർ ആശ്രയദാതാവായി മാറുന്നു.

## സ്ലോഗൻ- നിസ്വാർത്ഥവും നിർവികൽപവുമായ സ്ഥിതിയിലൂടെ സേവനം ചെയ്യുന്നവർ തന്നെയാണ് സഫലതാമൂർത്തികൾ

**അവ്യക്തസൂചന: സ്വയവും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗിക്കൂ**

യോഗത്തെ പ്രയോഗിക്കുന്നതിന് ദൃഷ്ടിയിലും വൃത്തിയിലും കൂടി പവിത്രതയ്ക്ക് ഇനിയും അടിവരയിടൂ. മൂലഅടിത്തറ- തന്റെ സങ്കൽപത്തെ ശുദ്ധവും ജ്ഞനസ്വരൂപവും ശക്തിസ്വരൂപവുമാക്കൂ. ആര് എത്ര തന്നെ അലയുന്നവരും പരവശരും ദു:ഖത്തിന്റെ അലകളിൽ വന്ന് സന്തോഷത്തിൽ കഴിയുക അസംഭവ്യമെന്ന് മനസിലാക്കിയാലും പക്ഷേ താങ്കൾക്കു മുന്നിൽ വരുമ്പോഴേ താങ്കളുടെ രൂപം, താങ്കളുടെ മനോവൃത്തി, താങ്കളുടെ ദൃഷ്ടി – ആത്മാവിനെ പരിവർത്തനപ്പെടുത്തട്ടെ. ഇതാണ് യോഗത്തിന്റെ പ്രയോഗം.